(5) സംസ്ഥാനത്ത് ജനറൽ മുദ്രപത്രങ്ങളുടെ ലഭ്യത

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, നമ്മുടെ സ്റ്റാമ്പ് പേപ്പർ ഡിപ്പോകളിലും അതുപോലെ സബ് ട്രഷറികളിലും 500 രൂപയിൽ താഴെ 50-ഉം 100-ഉം രൂപയ്ക്കുള്ള മുദ്രപ്പത്രങ്ങൾ ലഭിക്കുന്നില്ല എന്നുള്ള ദുഃഖകരമായ അവസ്ഥയാണുള്ളത്. സാധാരണ ജനങ്ങൾക്ക് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടുള്ള വീട് റിപ്പയറിംഗ്, കക്കൂസ് നിർമ്മാണം, വൈദ്യുതീകരണം, പട്ടികജാതി പട്ടികവർഗ്ഗ ആനുകൂല്യങ്ങൾ ഇതൊക്കെ ലഭിക്കുന്നതിന് 50 രൂപയുടെ മുദ്രപ്പത്രം വേണ്ടിടത്ത് 500 രൂപയുടെ മുദ്രപ്പത്രം വാങ്ങി നൽകേണ്ട സ്ഥിതിവന്നിരിക്കുന്നു. അതുപോലെതന്നെ ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും ജനന-മരണ സർട്ടിഫിക്കറ്റുകൾ, കരാർ, സമ്മത പത്രം, പവർ ഓഫ് അറ്റോർണി തുടങ്ങിയ ആവശ്യങ്ങൾ മുദ്രപ്പത്രം ഇല്ലാത്തതുകൊണ്ട് നടത്തുന്നില്ല. 500 രൂപയിൽ താഴെയുള്ള മുദ്രപ്പത്രങ്ങൾ സാധാരണയായി ഹൈദ്രാബാദിലെ ഗവണ്മെന്റ് പ്രസ്സിൽ നിന്ന് നേരിട്ട് ജില്ലാ ഡിപ്പോകളിലേക്ക് വരികയായിരുന്നു. ഇപ്പോൾ അവർ 30 ശതമാനം അഡ്വാൻസ് തുക നൽകണമെന്ന് നിർദ്ദേശം വച്ചപ്പോൾ സംസ്ഥാന ഗവണ്മെന്റ് ആ തുക നൽകാത്തതിനെത്തുടർന്നാണ് അത് വരാത്തതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതുകൊണ്ട് അടിയന്തിരമായി അവർക്കാവശ്യമായ അഡ്വാൻസ് തുക നൽകി മുദ്രപ്പത്രങ്ങൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഹൈദ്രാബാദിലെ സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സിലാണ് 500 രൂപയിൽ താഴെയുള്ള നോൺ-ജുഡീഷ്യൽ മുദ്രപത്രങ്ങൾ അച്ചടിക്കുന്നത്. അവരുടെ നിബന്ധനയിൽ ചില മാറ്റങ്ങൾ വരുത്തിയപ്പോൾ അൽപ്പം കാലതാമസമുണ്ടായിട്ടുണ്ട്. പക്ഷേ നമ്മൾ ഇത് സോർട്ടൗട്ട് ചെയ്തുകഴിഞ്ഞു. മാത്രമല്ല കേരളത്തിൽ തന്നെ ചില ജില്ലകളിൽ ഷോർട്ടേജ് വന്നിട്ടുണ്ട് എങ്കിലും മറ്റ് ജില്ലകളിൽ സർപ്ലസായിരുന്നു. കൂടുതലുണ്ടായിരുന്ന സ്ഥലങ്ങളിൽ നിന്ന് കുറവുള്ള സ്ഥലങ്ങളിലേക്ക് മുദ്രപ്പത്രങ്ങൾ മാറ്റാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. അടിയന്തിരമായി സ്റ്റാമ്പ് പേപ്പർ ഹൈദ്രാബാദിൽ നിന്ന് ഇവിടെ എത്തിച്ചേരുന്നതാണ്.

(6) കുരുമുളക് സംഭരണം തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളെ ഏൽപ്പിക്കൽ

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കർഷകരിൽ നിന്ന് കുരുമുളക് സംഭരിക്കാൻ സർക്കാർ എടുത്ത തീരുമാനം ഏറെ ആശ്വാസകരമാണ്. പക്ഷേ ഇപ്പോൾ ഉണ്ടായിരിക്കുന്ന ഒരു പ്രശ്നം ആവശ്യമായ സംഭരണ കേന്ദ്രങ്ങൾ ഇല്ല എന്നുള്ളതാണ്. ഇടുക്കി പോലുള്ള ജില്ലകളിൽ മൂന്ന് കേന്ദ്രങ്ങളിലാണ് ഇപ്പോൾ നിലവിൽ സംഭരണം നടക്കുന്നത്. കർഷകർക്ക് ആശ്വാസകരമെങ്കിലും അറുപതും എഴുപതും കിലോമീറ്റർ ദൂരം കർഷകർ കുരുമുളക് കൊണ്ടുപോകണം. അതുകൊണ്ട് ജില്ലയിലെ കഴിയുന്നത്ര പഞ്ചായത്തുകളിൽ സംഭരണകേന്ദ്രങ്ങൾ തുടങ്ങി കുരുമുളക് സ്വീകരിക്കുന്നതിന് നടപടിയുണ്ടാകണം. കർഷകനെന്ന് തെളിയിക്കുന്നതിന് ഇന്ന് ഗവണ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധനകൾ ഒട്ടും പ്രായോഗികമല്ല. ഇടുക്കി പോലുള്ള പ്രദേശത്ത് പട്ടയം ലഭിക്കാത്ത സ്ഥലങ്ങളാണ് ഭൂരിഭാഗവും. പക്ഷേ നാല്പതും അമ്പതും വർഷങ്ങളായി കൈവശത്തിലിരിക്കുകയും കൃഷി ചെയ്യുകയും ചെയ്യുന്നവരുടെ കുരുമുളക് ഇക്കാരണത്താൽ സംഭരിക്കാൻ കഴിയാത്ത അവസ്ഥയും സംജാതമായിട്ടുണ്ട്. അതുകൊണ്ട് കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്ന് പ്രൊഡക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നുമില്ല. ആയതിനാൽ ഇന്ന് നിലനിൽക്കുന്ന ഈ രീതിക്ക് മാറ്റമുണ്ടാകണം. കെ. എസ്. ഇ. ബി. പദ്ധതി പ്രദേശങ്ങളായ ഇടുക്കി ജില്ലയിലെ പെരിഞ്ചാൽകുട്ടി, രാജാക്കാട്, ഇരട്ടയാർ ഉൾപ്പെടെയുള്ള മേഖലകളിൽ ബോർഡ് ഈ പദ്ധതി ആവശ്യമില്ല എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകാൻ നടപടി സ്വീകരിച്ചുവരുന്നു എങ്കിലും പ്രസ്തുത സ്ഥലങ്ങളിലെ കൃഷിക്കാർ ഉൽപ്പാദിപ്പിക്കപ്പെടുന്ന കുരുമുളക് സ്വീകരിക്കുന്നതിന് നിയമ തടസ്സം നിലനിൽക്കുന്നു. അതുകൊണ്ട് അവരുടെ കുരുമുളകുകൂടി സ്വീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഇപ്പോൾ ഉള്ള നിബന്ധനകളിൽ ചില ഇളവുകൾ വരുത്തി ഒന്നുകിൽ റേഷൻ കാർഡ് അല്ലെങ്കിൽ ഐഡന്റിറ്റി കാർഡ് അതുമല്ലെങ്കിൽ പഞ്ചായത്തിൽ നിന്നുള്ള രേഖകൾ ഇതിൽ ഏതെങ്കിലും ഒന്ന് സ്വീകരിച്ച് ആ കർഷകരുടേയും കൂടി കുരുമുളക് സ്വീകരിക്കാൻ വേണ്ടിയുള്ള നടപടിയെടുക്കാൻ ഗവണ്മെന്റ് തയ്യാറാകണമെന്നതാണ് എന്റെ സബ്മിഷൻ.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): കേരളത്തിലെ സംഭരണ കേന്ദ്രങ്ങൾ നിശ്ചയിക്കുന്നതിന്റെ ഉത്തരവാദിത്വം മാർക്കറ്റ് ഫെഡ്ഡിനാണ്. ഇപ്പോൾ നിശ്ചയിച്ച സംഘങ്ങൾക്കു പുറമെ കൂടുതൽ സംഘങ്ങൾ ആവശ്യമാണെങ്കിൽ ജില്ലാ കളക്ടർ അധ്യക്ഷനായി സഹകരണ ജോയിന്റ് രജിസ്ട്രാർ, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ, മാർക്കറ്റ് ഫെഡ്ഡിന്റെ പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയിൽ അപേക്ഷ കൊടുത്താൽ ആവശ്യമുണ്ടെന്നു കണ്ടാൽ കൂടുതൽ കേന്ദ്രങ്ങൾ തുറക്കും. അതുകൊണ്ട് അവിടെ കൊടുത്താൽ മതി. ജില്ലയിൽ മൂന്ന് കേന്ദ്രങ്ങളിലൂടെയാണ് ഇപ്പോൾ സംഭരണം നടക്കുന്നുത്. ഇതിനും പുറമെ 17 സർവ്വീസ് സഹകരണ ബാങ്കുകൾക്കും കൂടി സംഭരണാനുമതി കൊടുത്തിട്ടുണ്ട് എന്നാണ് അറിയിച്ചത്. കൂടുതൽ ആവശ്യമെങ്കിൽ കളക്ടറോട് അപേക്ഷിച്ചാൽ അദ്ദേഹം അനുവദിക്കുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: കുരുമുളക് സംഭരിക്കാനായി ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്ന നിബന്ധനകൾ കർഷകരെ സംബന്ധിച്ചിടത്തോളം ഏറെ ബുദ്ധിമുട്ടുകൾ ഉളവാക്കുന്നുണ്ട്. കാരണം എന്താണെന്ന് വച്ചാൽ ഓഫീസിൽനിന്ന് പ്രൊഡക്ഷൻ സർട്ടിഫിക്കറ്റ് പോലും ലഭിക്കുന്നില്ല. ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം ജില്ലയിലെ ഭൂരിപക്ഷം പ്രദേശങ്ങളിലും പട്ടയം ഇല്ലാത്ത ഭൂമിയാണ് ഉള്ളത്. ഇലക്ട്രിസിറ്റി ബോർഡിനുവേണ്ടി, പദ്ധതിക്കുവേണ്ടി മാറ്റിയിട്ടിരിക്കുന്ന സ്ഥലമായതുകൊണ്ട് പദ്ധതി പ്രദേശമാണെന്നുള്ള കാരണത്താൽ

LIBRARY ARCHIVES Kerala Legislative Assembly

പട്ടയം നിഷേധിച്ചിരിക്കുന്നെങ്കിലും കാലാകാലങ്ങളായി, പത്തുനാൽപത് വർഷമായി ആ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരാണ് അവിടെയുള്ളത്. പട്ടയം ഇല്ലാത്തതുകൊണ്ട് കൈവശ രേഖയോ അതോടൊപ്പം പ്രൊഡക്ഷൻ സർട്ടിഫിക്കറ്റോ കൊടുക്കുവാൻ കൃഷി ഡിപ്പാർട്ടുമെന്റ് തടസ്സം നിൽക്കുകയാണ്. നിലവിലുള്ള നിയമത്തിൽ ചില മാറ്റങ്ങൾ വരുത്തി, നിബന്ധനകളിൽ മാറ്റം വരുത്തി റേഷൻ കാർഡ് അല്ലെങ്കിൽ ഐഡന്റിറ്റി കാർഡ് അല്ലെങ്കിൽ പഞ്ചായത്ത് നിർദ്ദേശിക്കുന്ന എന്തെങ്കിലും രേഖയുടെ അടിസ്ഥാനത്തിൽ ആ കർഷകരുടേയും കൂടി കുരുമുളക് ശേഖരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇപ്പോൾ സംഭരിക്കുന്നതിന് പട്ടയം വേണമെന്ന നിബന്ധനയില്ല. കൃഷിക്കാരന്റെയടുത്തുനിന്ന് സംഭരിക്കാനാണ് ഉത്തരവ്. കയ്യേറ്റ ഭൂമിയിൽ നിന്ന് സംഭരിക്കുന്നില്ലെങ്കിൽ പരിശോധിക്കാം. കാർഷിക ഭൂപരിഷ്ക്കരണ നിയമ പ്രകാരം ലീസ് തടയപ്പെട്ടിട്ടുണ്ടെങ്കിലും വ്യാപകമായി ആളുകൾ പാട്ടത്തിന് ഭൂമിയെടുത്ത് കൃഷി ചെയ്യുന്നുണ്ട്. അതുകൊണ്ട് കൈവശമുള്ള കൃഷിക്കാർ..... (ബഹളം) ..... അങ്ങനെയുണ്ടെങ്കിൽ അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

മി. സ്പീക്കർ: അങ്ങനെ സ്പെസിഫിക്കായിട്ട് പരാതിയുണ്ടെങ്കിൽ കൊടുത്താൽ മതി. .....(ബഹളം).....

ശ്രീമതി കെ. ആർ. ഗൗരിയമ്മ: എല്ലാവരേയും വിളിക്കാം. എം.എൽ.എ. മാരുടെ യോഗം വിളിക്കാം. ആവശ്യമായിട്ടുള്ള നിർദ്ദേശം കൊടുക്കാം. ഗവൺമെന്റ് കൊടുത്തിരിക്കുന്നത് കൈവശ കൃഷിക്കാരനിൽനിന്ന് സംഭരിക്കാനാണ്. പലയിടത്തും കയ്യേറ്റക്കാർ കാണും. കയ്യേറ്റക്കാരുടെ കാര്യം എങ്ങനെയാണെന്ന് തീരുമാനിച്ചിട്ടില്ല.

മി. സ്പീക്കർ: എം.എൽ.എ. മാരുടെ യോഗം വിളിച്ചാൽ മതി.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: വിളിക്കാം. ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായിട്ടുള്ള നിർദ്ദേശം കൊടുക്കാം. ഇത് കർഷകരെ സഹായിക്കാനാണ്. അതുകൊണ്ട് ആരും പരിഭവിക്കേണ്ട കാര്യമില്ല. എന്തുവേണമെങ്കിലും കർഷകരെ സഹായിക്കാനായി ചെയ്യും.

(7) എഴുകോൺ, നെടുവത്തൂർ, മുഖത്തല തുടങ്ങിയ സ്ഥലങ്ങളിലെ കശുവണ്ടി ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷനെ ഏൽപിക്കണമെന്ന ആവശ്യം

ശ്രീ. എഴുകോൺ നാരായണൻ: കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കോടതിവിധിയെത്തുടർന്ന് മുൻ ഉടമകൾക്ക് വിട്ടുകൊടുത്ത എഴുകോൺ, നെടുവത്തൂർ, മുഖത്തല കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് തൊഴിലും മറ്റ് ആനുകൂല്യങ്ങളും കോടതി നിർദ്ദേശിച്ചിട്ടും ഉടമകൾ നൽകാത്ത സാഹചര്യത്തിൽ ഈ കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് കെ.എസ്.ഐ.ഡി.സി. യെ ഏൽപിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly